# Bakery

Bakery എന്ന മത്സര വിഭാഗത്തെ പ്രധാനമായും മേഖല, സംസ്ഥാന തലം എന്നിങ്ങനെ തരം തിരിച്ചിട്ടുണ്ട്.

ലോകമെമ്പാടും വ്യാപകമായി ബേക്കറി ഉത്പന്നങ്ങൾ ഉപയോഗിക്കുന്നതിനാലും, ഈ കാലഘട്ടത്തിൽ ഒഴിച്ചു കൂടാൻ സാധിക്കാത്തതുമായതിനാൽ ഈ മേഖലയിൽ വൈദഗ്ധ്യമുള്ളവരെ കണ്ടെത്തുന്നതിനും അവരെ ലോകത്തിന് തുറന്ന് കാണിക്കാനും വേണ്ടി ഇന്ത്യാ സ്കിൽസ് കേരള 2018 ൽ ബേക്കറി വിഭാഗത്തിൽ മത്സരം ഉൾപ്പെടുത്തിയിരിക്കുന്നു.

മേഖലാ തലത്തിൽ മത്സരാർത്ഥികൾ ബ്രെഡ് റോൾ, ഹാർഡ് റോൾ, ബ്രിയോഫ്, ഫാൻസി റോൾ പോലുള്ള ബേക്കറി ഉത്പന്നങ്ങൾ ഉണ്ടാക്കുകയും അവയെ നിശ്ചിത സമയത്തിനുള്ളിൽ ക്രീയാത്മകമായി പ്രദർശിപ്പിക്കുകയും വേണം. മത്സരാർത്ഥികളുടെ ശുചിത്വം, ഉത്പാദന വൈദഗ്ധ്യം, ക്രിയാത്മകത, ഉത്പന്നങ്ങളുടെ അളവ്, തൂക്കം, സമയം, ഗുണനിലവാരം എന്നിവ നിരീക്ഷിച്ച് രണ്ടു പേരെ സംസ്ഥാനതല മത്സരത്തിനായി തിരഞ്ഞെടുക്കും.

സംസ്ഥാന തല മത്സരത്തിനായി പ്രത്യേകം സജ്ജീകരിക്കുന്ന അന്താരാഷ്ട്ര നിലവാരമുള്ള വേദിയിൽ മത്സരിക്കുന്നു. ഈ മത്സരത്തിൽ മത്സരാർത്ഥികൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള നിർദ്ദിഷ്ട ബേക്കറി ഉത്പന്നങ്ങൾ ഉണ്ടാക്കുകയും അവയെ മത്സര സമയത്ത് ആവശ്യപ്പെടുന്ന ആശയത്തിന്റെ അടിസ്ഥാനത്തിൽ ക്രിയാത്മകമായി പ്രദർശിപ്പിക്കുകയും വേണം. മത്സരാർത്ഥികളുടെ ശുചിത്വം, ഉത്പാദന വൈദഗ്ധ്യം, ക്രിയാത്മകത, ഉത്പന്നങ്ങളുടെ അളവ്, തൂക്കം, സമയം, ആത്മവിശ്വാസം, ഗുണനിലവാരം എന്നിവ നിരീക്ഷിച്ച് ഒന്ന്, രണ്ട് സ്ഥാനക്കാരെ തിരഞ്ഞെടുക്കുന്നു. ഇവർക്ക് ദേശീയ തലത്തിൽ നടത്തുന്ന കോമ്പറ്റീഷനിൽ പങ്കെടുക്കാൻ അവസരം ലഭിക്കുന്നു.

മത്സരാർത്ഥികൾ ഒരു നിശ്ചിത സമയത്തിനുള്ളിൽ അവർക്ക് നൽകിയിട്ടുള്ള വർക്ക് അതിന്റെ ശരിയായ ക്രമത്തിൽ പൂർത്തീകരിക്കേണ്ടതാണ്. മത്സരത്തിന്റെ തുടക്കം മുതൽ അവസാനം വരെയുള്ള പ്രവർത്തനങ്ങൾ നീരീക്ഷിക്കുന്നതായിരിക്കും. മത്സരാർത്ഥിക്ക് ഒരാഴ്ച മുമ്പ് ചോദ്യ പേപ്പർ നൽകുന്നതായിരിക്കും. കൂടാതെ മത്സരാർത്ഥികൾ മത്സരം ആരംഭിച്ച് തീരുന്നതുവരെ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതായിരിക്കും.

ആർ.വി 08.03.18